ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) 1986 ഒക്ടോബർമാസത്തോടെ ആരംഭിച്ച ഈ വർഷത്തെ ഏലം സീസണിൽ നാല് ഏലം സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പുമായി സഹകരിച്ച് ഈ സ്ക്വാഡുകൾ ശരിയായവിധം പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തിൽ ആരംഭിച്ച ഒരു താൽക്കാലിക ചെക്കുപോസ്റ്റിനു (റോസപ്പൂകണ്ടം) പുറമെയാണിത്. കൂടാതെ നിലവിലുള്ള സ്ഥിരം ചെക്കുപോസ്റ്റുകളിൽ ഏലം കടന്നു പോകാതിരിക്കാൻവേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റൻറ് കമ്മീഷണർമാർ വാഹനങ്ങൾ ഓവർ ചെക്ക് ചെയ്യണമെന്നും കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ എൻറർപ്രൈസസ് ജീവനക്കാരുടെ സമരം

1992 [3064] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ എൻറർപ്രൈസസ് ജീവനക്കാർ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് സമരം നടത്തുന്നത്;

(ബി) സമരം ഒത്തുതീർപ്പിലെത്തിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സമരം ഒത്തുതീർപ്പിലെത്തിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജീവനക്കാർ സമരം നടത്തുന്നില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

## II. സബ്മിഷൻ

സ്പീക്കറെ കുറിച്ചുള്ള പരാമർശം

ശ്രീ. ഇ. കെ. നായനാർ: സർ, ഒരു സബ്മിഷൻ. അതായത് ബഹുമാനപ്പെട്ട സ്പീക്കറെക്കുറിച്ച് ബഹുമാനപ്പെട്ട കാർത്തികേയൻ ഈ സഭയിൽവച്ച് മര്യാദവിട്ട് സംസാരിച്ചത് അപലപനീയമാണെന്ന് സ്പീക്കർ ഇന്നലെ ഈ സഭയിൽ പ്രസ്താവിച്ചു. തുടർന്ന് ആ കാര്യത്തിൽ കൂടുതൽ വിശദീകരണം നടത്തുവാൻ മെമ്പർ കാർത്തികേയൻ നടത്തിയ ശ്രമം അനുവദിക്കാത്തതിൽ രോഷാകുലനായ മുഖ്യമന്ത്രി പിന്നീട് നടത്തിയ ഒരു പത്രസമ്മേളനത്തിൽ അമർഷം പ്രകടിപ്പിച്ചതായി (സ്പീക്കറുടെ ഈ നടപടിയിൽ അമർഷം പ്രകടിപ്പിച്ചതായി) റേഡിയോയിലും ഇന്നലെ ഉച്ചയ്ക്കുതന്നെ വാർത്തയുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് പത്രങ്ങളിലും അത് പ്രസിദ്ധപ്പെടുത്തി. സഭാദ്ധ്യക്ഷനെക്കുറിച്ച്, സഭാനാഥനായ മുഖ്യമന്ത്രി നടത്തിയ ഇത്തരത്തിലുള്ള ഒരു പരാമർശം, പരസ്യമായി ഇത്തരത്തിൽ നടത്തിയ ഒരു പരാമർശം, സ്പീക്കറെയും സഭയെയും, സഭാംഗങ്ങളെയും പ്രത്യക്ഷത്തിൽ അവഹേളിക്കലാണ്. ഒരു സ്പീക്കറെ ഇത്തരത്തിൽ ഒരു മുഖ്യമന്ത്രി അപലപിക്കുന്നത് നിയമസഭയുടെ ചരിത്രത്തിൽ വിരളമാണ്. കേരളത്തിൽ ആദ്യമാണ്. സ്വതന്ത്രമായ നിയമസഭാ പ്രവർത്തനത്തെ അത്രയും അവഹേളിച്ചുകൊണ്ട് സ്പീക്കറെ തനിക്ക് കീഴ്പ്പെടുത്തുവാനുള്ള റബ്ബർ സ്റ്റാമ്പാക്കി മാറ്റുവാനുള്ള ശ്രമം അങ്ങേയറ്റം അപലപനീയമാണ്; പ്രതിഷേധാർഹമാണ്. ജുഡീഷ്യറിയെ മാത്രമല്ല അസംബ്ലിയെയും മുച്ചൂടും അവഹേളിക്കുന്ന ഒരു മുഖ്യമന്ത്രിയാണ് ഇവിടെയുള്ളത് എന്ന് ഖേദപൂർവ്വം പറയേണ്ടിവന്നിരിക്കുന്നു. നിയമസഭയേയും അംഗങ്ങളെയും പ്രത്യക്ഷത്തിൽ അവഹേളിച്ച ഈ നടപടിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കോൺഗ്രസ് നിയമസഭാകക്ഷി യോഗത്തെക്കുറിച്ച് പത്രങ്ങളിൽ സത്യവിരുദ്ധമായിട്ടാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കോൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ, ചെയർ എന്നും സ്വതന്ത്രമായിരിക്കുന്നതിനും ചെയറിന്റെ ഔന്നത്യം നിലനിർത്തുന്നതിനും മാന്യത പുലർത്തുന്നതിനും എല്ലാ കാലങ്ങളിലും സഹകരിച്ചിട്ടുള്ള, മുൻകൈയെടുത്തിട്ടുള്ള ഒരു പാർട്ടിയാണ്. ഒരു പാർട്ടിസ്ഥാനാർത്ഥിയായി മത്സരിക്കുന്ന ഒരാൾ സ്പീക്കർ ആയിക്കഴിഞ്ഞാൽ ഈ സഭയിലെ എല്ലാ മെമ്പർമാർക്കും സംരക്ഷണം നൽകാനുള്ള സാദ്ധ്യത വന്നുചേരുന്നതുകൊണ്ട് പാർട്ടിയുടെ അച്ചടക്കത്തിന് വിധേയമായി പ്രവർത്തിക്കുന്നത് ശരിയല്ലെന്നുള്ളതുകൊണ്ട് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരം സ്പീക്കർക്ക് നൽകിയിട്ടുള്ള പാരമ്പര്യമാണ് കോൺഗ്രസ് പാർട്ടിക്കുള്ളത്. ബഹുമാനപ്പെട്ട സ്പീക്കറുടെ നടപടിയെ, ചോദ്യം ചെയ്യുന്ന പ്രശ്നം കോൺഗ്രസ് പാർട്ടിയുടെ കാലത്ത്, ഈ രേണത്തിന്റെ ഭാഗത്തുനിന്ന് ഒരു കാലത്തും ഉണ്ടായിട്ടില്ല, ഉണ്ടാവുകയില്ല. ഒരു കാര്യം ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉന്നയിച്ച് സഭാതലത്തിൽ തെറ്റായ ഒരു ധാരണ പരത്തുന്നത് നിർഭാഗ്യകരമാണ്. ഈ കാര്യം, (പത്രങ്ങളിൽ വന്ന വാർത്ത—സ്പീക്കറുടെ കാര്യത്തെ സംബന്ധിച്ച്) പാർട്ടി ചർച്ച ചെയ്യുകയോ ഒരു തീരുമാനമെടുക്കുകയോ യാതൊന്നും, ചെയ്തിട്ടില്ലെന്ന് ഞാൻ സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്..... (ബഹളം).....

**Shri A. V. Thamarakshan:** Sir, I am on a point of order. Rule—155-ഉം, 156-ഉം പറയുന്നത് ഇതാണ്. "155. A member wishing to raise a question of privilege shall give notice in writing to the Secretary before the commencement of the sitting on the day the question is proposed to be raised. If the question raised is based on a document, the notice shall be accompanied by the document", "156. The right to raise a question of privilege shall be governed by the following conditions, namely:—

(i) not more than one question shall be raised at the same sitting;

LIBRARY ARCHIVES Kerala Legislative Assembly

(ii) the question shall be restricted to a specific matter of recent occurrence;

"(iii) the matter requires the intervention of the Assembly",....

.....

**Mr. Speaker:** That is a separate issue..... Mr. Thamarakshan, I have not allowed you. You are not raising the relevant point now. So there is no point of order.

ഇവിടെ സ്പീക്കറെ സംബന്ധിച്ചുള്ള ചില റിപ്പോർട്ടുകളെ സംബന്ധിച്ച് ഒരുചർച്ചതന്നെ ഉയർന്നുവന്നുവെന്നുള്ളത് വളരെ വേദനാജനകമാണ്. പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ സ്ഥാപനങ്ങൾക്കും അതിന്റെ ആഫീസുകൾക്കുമുള്ള മാന്യത നിലനിർത്തേണ്ടതു് ഏറ്റവും അനിവാര്യമായിട്ടുള്ള ഒരു കാര്യമാണ്. നമ്മൾ അംഗീകരിച്ചിട്ടുള്ള നടപടിക്രമങ്ങളിൽത്തന്നെ അതു് ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. അദ്ദേഹത്തിന്റെ പ്രസ്താവനയിൽ ചെയറിനു് അതിയായ സന്തോഷമുണ്ടു്. അതേ മുഖവിലയ്ക്കുതന്നെ അതു് എടുക്കുകയാണു്. പക്ഷേ ഇങ്ങനെ, ഇന്നലെ ആകാശവാണിയിലും, ദൂരദർശനിലും ബുള്ളറ്റിനിൽ റിപ്പോർട്ടു് ചെയ്യപ്പെട്ടതാണു്. ചില പത്രങ്ങളിലും വരികയുണ്ടായി. ഏതായാലും അതു് അവാസ്തവമാണെന്നുള്ള നിഷേധം അങ്ങേയറ്റം ചെയർ സ്വാഗതം ചെയ്യുകയാണു്. അതിൽ തൃപ്തിയുണ്ടു്. പക്ഷേ ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ ദയവായി ഒരിക്കലും വരാനിടയാകരുതു്. ഇങ്ങനെ വരാനിടയാകുന്ന സാഹചര്യം ഒഴിവാക്കാൻ ബന്ധപ്പെട്ട എല്ലാ ഭാഗത്തുനിന്നും ശ്രദ്ധിക്കേണ്ടതു് ആവശ്യമാണു്. സഭാഅദ്ധ്യക്ഷൻ എന്നുള്ള നിലയിൽ ചില തീരുമാനങ്ങൾ എടുക്കേണ്ടിവരും. ആ തീരുമാനങ്ങൾ (ഇന്നേവരെ ചെയർ എടുത്തിട്ടുള്ള ഏതു തീരുമാനമായാലും) കോൺസ്റ്റിറ്റ്യൂഷനും, റൂൾസ് ഓഫ് പ്രൊസീഡറും, ആരോഗ്യകരമായ കീഴ്വഴക്കങ്ങളും അടിസ്ഥാനമാക്കി ഉത്തമ ബോദ്ധ്യത്തോടുകൂടി എടുത്ത തീരുമാനങ്ങളാണു്. ചെയറിനുതന്നെ മാനസിക സംഘർഷം ചില സമയത്തു് ഉണ്ടാകും. ആ സംഘർഷം എന്താണെന്നു്, എങ്ങനെയാണെന്നു് പറയാൻ അറിയില്ല. വളരെ ബുദ്ധിമുട്ടുപിടിച്ച ചുമതലയാണു് നിറവേറ്റുന്നതെന്നു് അറിഞ്ഞുകൊണ്ടുതന്നെയാണു് മുന്നോട്ടു പോകുന്നതു്. ഈ സഭയുടെ തീരുമാനങ്ങളിൽ എന്തെങ്കിലും പ്രയാസങ്ങളുണ്ടെങ്കിൽ നമ്മൾ സാധാരണ ശക്തർ ആൻറ് കൗളിനെ ആശ്രയിക്കും. ചിലപ്പോൾ പാർലമെൻറിനെ ആശ്രയിക്കും. ചിലപ്പോൾ ഹൗസ് ഓഫ് കോമൺസിനെ ആശ്രയിക്കും. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങളാണു്. അതു് അങ്ങേയറ്റം ഉത്തമബോദ്ധ്യത്തോടുകൂടി ചെയ്യാൻ ശ്രമിക്കുകയാണു്. എല്ലാവർക്കും സന്തോഷകരമായ തീരുമാനങ്ങളെടുക്കാനാണു് ചെയർ ആഗ്രഹിക്കുന്നതു്. ചില സമയത്തു് എല്ലാവർക്കും സന്തോഷം ഉണ്ടാകാൻ നിവൃത്തിയില്ല. പക്ഷേ ആ തീരുമാനങ്ങൾ എടുത്തേ മതിയാകൂ. അതു് എടുക്കുന്ന അവസരത്തിൽ ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ ഒരു കാരണവശാലും വരാതിരിക്കേണ്ടതു് വളരെ പ്രധാനമായിട്ടുള്ള കാര്യമാണെന്നതു് ഒരിക്കൽക്കൂടി ചെയർ വളരെ വിനയപൂർവ്വം എല്ലാ അംഗങ്ങളുടേയും ശ്രദ്ധയിൽപ്പെടുത്തുകയാണു്, തീർച്ചയായും ഇനി ഈ തരത്തിൽ ഉള്ള റിപ്പോർട്ടുകൾ വരാതിരിക്കട്ടെ എന്നു് ചെയർ ആത്മാർത്ഥമായി ആഗ്രഹിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, കേരള മുഖ്യമന്ത്രി ഈ സഭയിൽചെയ്ത ഒരു പ്രസ്താവനയെ സംബന്ധിച്ച് ഞാൻ ഒരു പ്രിവിലേജ് നോട്ടീസ് അവതരിപ്പിച്ചിരുന്നു.

മി. സ്പീക്കർ: ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ, അങ്ങ് ഒരു പ്രിവിലേജ് നോട്ടീസ് തന്നിരുന്നു. ആ പ്രിവിലേജ് നോട്ടീസ് പരിശോധനയിലാണ്. അതിന് പല പ്രോസസ്സ് ഉണ്ട്. ഇതൊരു പുതിയ സംഭവമല്ല. ഒരു പ്രിവിലേജ് നോട്ടീസ് തന്നാൽ അതിന് ഇവിടെ അംഗീകരിക്കപ്പെട്ട ചില കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളുമുണ്ട്. അത് വിശദമായ പരിശോധനയിലാണ്. അത് കഴിഞ്ഞാൽ ബന്ധപ്പെട്ട ആളുകളുടെ അഭിപ്രായം അറിയണം. അതിനുശേഷമാണ് ചെയറിന്റെ റൂളിംഗ്, ഉണ്ടാകുക.

ശ്രീ. ബേബി ജോൺ: സർ, ഞാൻ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയാണ്. ഈ സഭയിൽ രണ്ട് റൂളിംഗ് പെൻഡിംഗിലാണ്. ഏറ്റവും പ്രധാനമായിട്ടുള്ളത് ഞങ്ങളം ഒരു അടിയന്തിരപ്രമേയത്തിന് നോട്ടീസ് തരുകയും അതിനെ സംബന്ധിച്ചുള്ള ക്രമപ്രശ്നം പൊന്തിവരുകയും, ഒരു റൂളിംഗ് നൽകാതിരിക്കുകയും ചെയ്തതാണ്. അങ്ങ് റൂളിംഗ് നൽകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ആ റൂളിംഗ് നൽകുന്നതിനുമുമ്പ് ഒരു കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നലെ ഹൈക്കോടതിയിൽ പറഞ്ഞത്.....

മി. സ്പീക്കർ: അത് അനുവദിക്കുന്നില്ല.

ശ്രീ. ബേബി ജോൺ: റൂളിംഗിന് സഹായകമായിട്ടാണ്. ഒരു സ്റ്റേറ്റ് നൽകിയിട്ടില്ല, അപ്പീലില്ല.....

മി. സ്പീക്കർ: ഞാൻ അങ്ങയെ അനുവദിക്കുന്നില്ല. ആ പ്രശ്നം സംബന്ധിച്ച് പറയാൻ അനുവദിച്ചിട്ടില്ല കാരണം ആ റൂളിംഗിനെ സംബന്ധിച്ച് ഒരു പുതിയ ചർച്ച ആവശ്യമില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: സർ,.....

മി. സ്പീക്കർ: ശ്രീ. കെ. പി. പ്രഭാകരൻ, അങ്ങയേയും പറയാൻ അനുവദിക്കുന്നില്ല. കഴിഞ്ഞ തിങ്കളാഴ്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റ് കക്ഷിനേതാക്കളും കൂടി അടിയന്തിരപ്രമേയത്തിന് നോട്ടീസ് തന്നിരുന്നു. ആ നോട്ടീസിനെ സംബന്ധിച്ച്.....

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ഒരു അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. അത് പരിഗണിച്ചിട്ടില്ല.

മി. സ്പീക്കർ: ശ്രീ. കൃഷ്ണൻകുട്ടി തന്നത് പരിഗണിക്കാനേ പോയിട്ടില്ല.

ശ്രീ. സിറിയക് ജോൺ: സർ, അത് അവഗണനയാണ്.

മി. സ്പീക്കർ: അത് അവഗണനയല്ല, പരിഗണനയാണ്. അതിന് സമാനമായ ഒരു പ്രശ്നമാണ് ആദ്യം പരിഗണനയ്ക്കു വന്നത്. അതുകൊണ്ട് ആവശ്യമില്ല. ശ്രീ. കൃഷ്ണൻകുട്ടിയോടുള്ള

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ പരിഗണനയും വച്ചുകൊണ്ടാണ് അത് പരിഗണിക്കാതിരുന്നത്. അന്ന് ആ പ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. അതിനെക്കുറിച്ച് പിന്നീട് പറയാമെന്നു പറഞ്ഞിരുന്നു. അതേ പ്രശ്നംതന്നെ പാർലമെന്റിന്റെ ഇരു സഭകളിലും ഉന്നയിക്കാൻ ബഹുമാനപ്പെട്ട ചില അംഗങ്ങൾ ശ്രമിക്കുകയുണ്ടായി. ആ സന്ദർഭത്തിൽ ബഹുമാനപ്പെട്ട ലോക്സഭാ സ്പീക്കറും ബഹുമാനപ്പെട്ട രാജ്യസഭാ ചെയർമാനും സബ്ജുഡീസാണെന്ന കാരണത്താൽ അത് അനുവദിച്ചില്ല, അനുവദിക്കാൻ തയ്യാറായില്ല. അതേ കാരണംകൊണ്ടു തന്നെ, സബ്ജുഡീസാണെന്ന കാരണത്താൽ ചെയർ അത് ഉന്നയിക്കാൻ അനുവദിക്കുന്നില്ല. അതിനെക്കുറിച്ചുള്ള ചർച്ച അനുവദിക്കുന്നില്ല.

ശ്രീ. ഇ. കെ. നായനാർ: സർ, ഇവിടെ കേരളാ ഗവൺമെന്റ് തെറ്റായി ചെയ്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിധി. ആ വിധിയെ ചോദ്യം ചെയ്യുന്നില്ല.....:(ബഹളം).....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, റൂളിംഗ് പറഞ്ഞുകഴിഞ്ഞിട്ട് പിന്നെ അതിനെക്കുറിച്ച് പറയുന്നത് ശരിയല്ല.

മി. സ്പീക്കർ: There is no further discussion on the point.

(അടിയന്തിരപ്രമേയത്തിനു അനുമതി നിഷേധിച്ചതിനെ തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഡയസിന്റെ മുന്നിൽ വന്നുനിന്ന് മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നു.)

## III. ശ്രദ്ധക്ഷണിക്കൽ

### വിദേശത്ത് ജോലിക്കുപോകുന്ന സർക്കാർ ജീവനക്കാരുടെ അവധി നീട്ടിക്കൊടുക്കൽ

ശ്രീ. കെ. പി രാമൻ: സർ, അവധിയിൽ പ്രവേശിച്ച് വിദേശത്തിൽ ജോലി ചെയ്യുന്ന മലയാളികൾക്ക് വളരെയേറെ പ്രശ്നങ്ങളാണ് തരണം ചെയ്യേണ്ടിവരുന്നത്. ഇവരുടെ ധാരാളം കാര്യങ്ങൾ നാം ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. ഇവയിൽ അടിയന്തിര പ്രാധാന്യമുള്ളതും പലരും ഇപ്പോൾ നേരിട്ടനുഭവിക്കുന്നതുമായ ഒരു പ്രശ്നത്തിലേയ്ക്കാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നത്. വിദേശത്ത് ജോലിചെയ്യാൻ പോകുന്നവർക്ക് ഇന്ന് അനുവദിക്കുന്ന പരമാവധി ലീവ് 10 വർഷമാണ്. 1970-ലാണ് ഗൾഫ് നാടുകളിലേക്ക് മരുപ്പച്ച തേടിയുള്ള നെട്ടോട്ടം തുടങ്ങിയത്. ഇതിൽ നല്ലൊരുശതമാനം സർക്കാർ, അർദ്ധ-സർക്കാർ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും അവധിയിൽ പോയിട്ടുള്ളവരാണ്. നേരത്തേത്തന്നെ ഇവർക്ക് അഞ്ചുവർഷത്തെ അവധിയായിരുന്നു സർക്കാർ അനുവദിച്ചിരുന്നത്. അത് നീട്ടിക്കിട്ടാൻ വൈകിയതിന്റെ പേരിൽ വളരെയധികം പേർക്ക് ജോലി ഉപേക്ഷിക്കേണ്ടിവരുകയും പലരേയും പിരിച്ചുവിടുകയും ചെയ്തു. പരമാവധി അവധി പത്തുവർഷമായി വർദ്ധിപ്പിച്ചതുമൂലം നിലവിലുള്ള ഉദ്യോഗസ്ഥൻമാർക്ക് ഗുണം ഉണ്ടായിട്ടുണ്ടെങ്കിലും, അവരിൽ പലർക്കും ലീവിന്റെ കാലാവധി കഴിഞ്ഞ് തിരിച്ച് വന്ന് ജോലിയിൽ പ്രവേശിക്കാൻ സമയമായിട്ടുണ്ടെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇങ്ങനെ പതിനായിരക്കണക്കിനു ആളുകളുണ്ട്. യു. എ. ഇ. യിൽ മാത്രം ഇങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly